# കേരബോർഡ് അനുമതിയുള്ളവർക്ക് നീര ഉത്പാദനത്തിന് അനുമതി

തിരുവനന്തപുരം: നാളികേര നീര ബോർഡുകൾ അനുവദിക്കുന്ന സംഘടനകൾക്ക് കള്ളുചെത്തിനും നീര ഉത്പാദനത്തിനും അനുമതി നൽകുമെന്ന് മന്ത്രി കെ. പി മോഹനൻ നിയമസഭയെ അറിയിച്ചു. ചിങ്ങം ഒന്നിന് കോഴിക്കോട്ട് നീര ഉത്പാദന പദ്ധതിക്ക് തുടക്കം കുറിക്കും. എല്ലാ മണ്ഡലങ്ങളിലും ഒരു പഞ്ചായത്ത് കേരഗ്രാമ പഞ്ചായത്തായി തിരഞ്ഞെടുത്ത് കേരകൃഷി പ്രോത്സാഹിപ്പിക്കും. എം.എൽ.എ ഫണ്ടുകൂടി ഉപയോഗപ്പെടുത്തിയാണ് പദ്ധതി .

ഭൗതിക സാഹചര്യമുള്ള കൃഷിഭവനുകൾ വഴി തേങ്ങയ്ക്കൊപ്പം മറ്റ് കാർഷികോല്പന്നങ്ങളും സംഭരിക്കും. പ്രകൃതിക്ഷോഭം മൂലം കൃഷി നശിച്ച കർഷകർക്കുള്ള നഷ്ടപരിഹാരം പ്രത്യേക പാക്കേജായി ഉടൻ കൊടുത്തുതീർക്കും. കുളമ്പുരോഗത്തിൽ കാലികൾ നശിച്ചവർക്കുള്ള നഷ്ടപരിഹാരവും ഉടൻ കൊടുത്തുതീർക്കുമെന്നും അദ്ദേഹം പറഞ്ഞു.

ഒഴിവുള്ള 20 കൃഷി ഓഫീസർമാരുടെ നിയമനം ഉടൻ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകൾ വഴി പൂർത്തിയാക്കും. കൃഷി അസിസ്റ്റൻറുമാരുടെ 77 ഒഴിവുകളും ഉടൻ നികത്തുമെന്ന് അദ്ദേഹം പറഞ്ഞു.

28 കോടി ചെലവിൽ വിദ്യാലയങ്ങളിൽ ബയോഗ്യാസ് പ്ലാൻറ് തുറക്കുന്ന പദ്ധതിക്ക് ഈ വർഷം തുടക്കം കുറിക്കും. 22,000 രൂപ വരെ വിലവരുന്ന പ്ലാൻറ് സൗജന്യമായാണ് സ്കൂളുകൾക്ക് നൽകുന്നത്.